(എഫ് &ജി) ഡീസൽ/എൽ.എസ്.എച്ച്.എസ്. ഉപയോഗം സംബന്ധിച്ച പരിശോധന നടത്തിയിരുന്നു. ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ആഡിറ്റ് റിപ്പോർട്ടിൽ തെളിഞ്ഞിട്ടുണ്ട്.

**മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷന് വേണ്ടിയുള്ള ബുദ്ധിമുട്ടുകൾ**

**107 (274)** ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷനു വേണ്ടിയുള്ള അപേക്ഷ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും കണക്ഷൻ നൽകിയിട്ടില്ലാത്തതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിളിമാനൂർ, പുളിമാത്ത്, പഴയ കുന്നുമ്മേൽ, മടവൂർ, പള്ളിക്കൽ, നാവായിക്കുളം, കരവാരം,നഗരൂർ, മുദാക്കൽ എന്നീ പഞ്ചായത്തുകളിൽ ഓരോന്നിലും മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷ നൽകിയിട്ടുള്ളവർ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നല്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നാവായിക്കുളം പഞ്ചായത്തിൽ 1994-95-ൽ അനുമതി നല്കിയ ഒരു വർക്കിൽ പത്തു പേരും, മുദാക്കൽ പഞ്ചായത്തിൽ 96-97-ൽ അനുമതി നല്കിയ രണ്ടു വർക്കുകളിലായി 56 പേരുമാണ് അപേക്ഷകരായി ഉള്ളത്.

(സി) 31-3-1994 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള മിനിമം ഗ്യാരന്റി വർക്കുകളാണ് ഈ സാമ്പത്തിക വർഷം ചെയ്തു തീർക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

**ഊർജ്ജമേഖലയെ സംബന്ധിക്കുന്ന ഉപദേഷ്ടാവിന്റെ യോഗ്യതകളും പരിചയവും**

**108 (275)** ശ്രീ.വി. ജെ. പൗലോസ്:
ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ഊർജ്ജ മേഖലയെ സംബന്ധിക്കുന്ന കാര്യങ്ങൾക്ക് ഒരു ഉപദേഷ്ടാവിനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെന്ന് അറിയിക്കുമോ;

(ബി) ഇദ്ദേഹത്തിന്റെ യോഗ്യതയും പരിചയവും എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇദ്ദേഹത്തിന്റെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly